## പതിനാലാം കേരള നിയമസഭ

### ഒൻപതാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം.*211 — 06.02.2018 -ലെ മറുപടി

**<u>ഭൂഗർഭ ജല സംരക്ഷണ നടപടികൾ</u>**

**<u>ചോദ്യം</u>**

**ശ്രീ. സി.കെ.നാണു**

**" കെ. കൃഷ്ണൻകുട്ടി**

~~" എ.കെ.ശശീന്ദ്രൻ~~

**" കോവൂർകുഞ്ഞുമോൻ**

**<u>മറുപടി</u>**

മാത്യു ടി. തോമസ്

(ജലവിഭവ വകുപ്പുമന്ത്രി)

| | | | |
|---|---|---|---|
| എ) | ഭൂഗർഭ ജല സംരക്ഷണത്തിനായി കൈക്കൊണ്ട നടപടികൾ വ്യക്തമാക്കുമോ; | എ) | ഭൂജല വകുപ്പ് "ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും" പദ്ധതിയിൻ കീഴിൽ തുറന്ന കിണർ, കുഴൽക്കിണർ, എന്നിവ വഴിയുള്ള ഭൂജല സംപോഷണം ദീർഘകാലാടിസ്ഥാനത്തിൽ വരൾച്ചയെ പ്രതിരോധിക്കുന്നതിന് നടപ്പിലാക്കി വരുന്നു. |
| ബി) | ഉപയോഗശൂന്യമായ കുഴൽ കിണറുകൾ റീചാർജ് ചെയ്യുന്നതിനായി എന്തെങ്കിലും പദ്ധതികൾ പരിഗണനയിലുണ്ടോ; | ബി) | ഭൂജല വകുപ്പ് " ഭൂജലസംരക്ഷണവും കൃത്രിമ ഭൂജല സംപോഷണവും " പദ്ധതിയിൻ കീഴിൽ കുഴൽക്കിണർ വഴിയുള്ള ഭൂജല സംപോഷണം (ഇടുക്കി ജില്ലയിൽ) നടപ്പിലാക്കി വരുന്നുണ്ട്. 2018-19 സാമ്പത്തിക വർഷം ഈ പദ്ധതിയിൻ കീഴിൽ വിപുലമായ രീതിയിൽ ജലലഭ്യത കുറവുള്ളതും ജലനിരപ്പ് കുറഞ്ഞു വരുന്നതുമായ കുഴൽക്കിണറുകളിൽ കൃത്രിമഭൂജലസംപോഷണം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. |
| സി) | കുഴൽകിണർ നിർമ്മിക്കുന്നതിനായി എൻ.ഒ.സി നൽകുന്നതിനും ഭൂഗർഭജല ദുരുപയോഗം തടയുന്നതിനും ഭൂഗർഭജലം സംരക്ഷിക്കുന്നതിനുമായി കേന്ദ്രം പുറത്തിറക്കിയ കരട് മാർഗ നിർദ്ദേശങ്ങളിൽ സ്വീകരിച്ച നിലപാടുകൾ വ്യക്തമാക്കുമോ? | സി) | " ഭൂജലം വിനിയോഗത്തിനുള്ള നിരാക്ഷേപ പത്രങ്ങൾ നൽകുന്നത് സംബന്ധിച്ച് കേന്ദ്ര സർക്കാർ പുറപ്പെടുവിച്ച കരട് മാർഗ്ഗനിർദ്ദേശങ്ങളിന്മേൽ പഠനം നടത്തി റിപ്പോർട്ട് സമർപ്പിക്കുവാൻ സംസ്ഥാന ഭൂജല അതോറിറ്റി ഒരു സാങ്കേതിക സമിതിയെ നിയോഗിക്കുകയും പ്രസ്തുത സമിതി തയ്യാറാക്കിയ റിപ്പോർട്ട് അതോറിറ്റി യോഗം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. കേന്ദ്രത്തിൽ നിന്നും തുടർന്ന് ലഭിച്ച നിയമ ഭേദഗതി നിർദ്ദേശങ്ങളെപ്പറ്റിയും മറ്റും പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുവാൻ പ്രസ്തുത സാങ്കേതിക സമിതിയെ തന്നെ ഭൂജല അതോറിറ്റി ചുമതലപ്പെടുത്തിയിട്ടുണ്ട്." |

Roens

**സെക്ഷൻ ഓഫീസർ**